## കേരള സർക്കാർ

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് -ഹൈടെക് സ്കൂൾ പ്രോജക്ട് - പൊതുവിദ്യാഭ്യാസ വകുപ്പിലെ സ്കൂളുകൾക്കും ഓഫീസുകൾക്കും ആവശ്യമായ മുഴുവൻ ഐ സി ടി ഹാർഡ്‌വെയർ ഉപകരണങ്ങളും വാങ്ങുന്നതിന് പൊതു മാനദണ്ഡം ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്**

സ.ഉ.(സാധാ)നം.460/2017/പൊ.വി.വ. തിരുവനന്തപുരം.തീയതി,20.02.17

---

പരാമർശം:-
1. സ.ഉ.(സാധാ)നം.2777/2016/പൊ.വി.വ. തീയതി 26.08.2016
2. പൊതുവിദ്യഭ്യാസ ഡയറക്ടറുടെ 21.11.2016 ലെ എൻ.ഇ.പി(3)/10192/2015 ഡി.പി.ഐ നമ്പർ നടപടിക്രമം
3. ഐടി@സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 27.01.2017 ലെ TS/2017/1053 (1) നമ്പർ കത്ത്.
4. സ.ഉ.(സാധാ)നം.69/2017/പൊ.വി.വ. തീയതി 13.01.2017

**ഉത്തരവ്**

പരാമർശം (1) ലെ സർക്കാർ ഉത്തര കാരം പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾക്കും സ്കൂളുകൾക്കും ആവശ്യമ എ സി ടി ഹാർഡ്‌വെയർ ഉപകരണങ്ങൾ സർക്കാരിന്റെയും എംപി/എംഎൽഎ/തദ്ദേശ ഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഉൾപ്പടെ ഫണ്ട് ഉപയോഗിച്ച് വാങ്ങുന്നതിനുള്ള മിനിമം സ്പെസിഫിക്കേഷൻ, ഈടാക്കാവുന്ന പരമാവധി തുക വില്പനാനന്തര സേവന വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച വിവിധ വിഷയങ്ങൾ പരിശോധിക്കുന്നതിനും നിശ്ചയിക്കുന്നതിനും ഐടി @ സ്കൂളിന്റെ മേൽനോട്ടത്തിൽ ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിരുന്നു.

സർക്കാർ ചുമതലപ്പെടുത്തിയ വിദഗ്ധരായ സാങ്കേതിക സമിതിയുടെ മേൽനോട്ടത്തിൽ കെൽട്രോൺ ദേശീയ ടെണ്ടർ നടത്തി ബൾക്ക് പർച്ചേസ് നടത്തി ലഭിച്ച വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾക്കും സ്കൂളുകൾക്കും ആവശ്യമായ ഐ സി ടി ഹാർഡ്‌വെയർ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. പൊതു വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ഒരു സർക്കാർ ഉത്തരവായി പുറപ്പെടുവിക്കണമെന്നാവശ്യപ്പെട്ട് ഐടി@സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (3) പ്രകാരം കത്ത് സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. പരാമർശം (1) പ്രകാരം സർക്കാർ ചുമതലപ്പെടുത്തിയ വിദഗ്ധരായ സാങ്കേതിക സമിതിയുടെ മേൽനോട്ടത്തിൽ കെൽട്രോൺ ദേശീയ ടെണ്ടർ നടത്തി ബൾക്ക് പർച്ചേസ് നടത്തി ലഭിച്ച വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച നടപടിക്രമം / മാർഗ്ഗനിർദ്ദേശങ്ങൾ പൊതു വിദ്യാഭ്യാസ / HSS / VHSE വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾക്കും സ്കൂളുകൾക്കും ആവശ്യമായ ഐ സി ടി ഹാർഡ്‌വെയർ ഉപകരണങ്ങൾ സർക്കാർ എം.പി/ എം.എൽ.എ /തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ ഫണ്ടുപയോഗിച്ചുള്ള വാങ്ങലുകൾക്കും പരാമർശം (4) പ്രകാരമുള്ള ഒറ്റപ്പെട്ട വാങ്ങലുകൾക്കും ബാധകമാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഉഷ ടൈറ്റസ്
സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.റ്റി.@ സ്കൂൾ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, ഐ & പിആർഡി,തിരുവനന്തപുരം(വെബ് സൈറ്റ് മുഖാന്തിരം പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.